# കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

## സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം - 2020

### പൊതുമാർഗ്ഗനിർദ്ദേശങ്ങൾ

1) സാമൂഹ്യപ്രവർത്തനം, മാധ്യമപ്രവർത്തനം (പ്രിന്റ് മീഡിയ), മാധ്യമ പ്രവർത്തനം (ദൃശ്യമാധ്യമം), കല, സാഹിത്യം, ഫൈൻ ആർട്സ്, കായികം (വനിത), കായികം (പുരുഷൻ), ശാസ്ത്രം, സംരംഭകത്വം, കൃഷി, എന്നീ മേഖലകളിൽനിന്നും മികച്ച ഓരോ വ്യക്തികൾക്കു വീതം ആകെ 11 പേർക്കാണ് അവാർഡ് നൽകുന്നത്. വ്യക്തിഗത അവാർഡുകൾ സംസ്ഥാനതലത്തിലാണ് നൽകുന്നത്. അവാർഡ് തുക 50,000/- രൂപയാണ്

2) മികച്ച യൂത്ത് ക്ലബ്ബുകൾക്കും മികച്ച യുവാക്ലബ്ബുകൾക്കും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അവാർഡുകൾ നൽകുന്നു. ജില്ലാതല അവാർഡ് 30,000/-രൂപയും സംസ്ഥാനതല അവാർഡ് 50,000/-രൂപയും ആണ്. ജില്ലാതലത്തിൽ തെരഞ്ഞെടുത്ത മികച്ച യൂത്ത്/ യുവാ ക്ലബ്ബുകളിൽ നിന്നും ഓരോ ക്ലബ്ബിനെ വീതം സംസ്ഥാനതലത്തിലെ മികച്ച യൂത്ത് / യുവാ ക്ലബ്ബായി തെരഞ്ഞെടുക്കുന്നതാണ്. മികച്ച യൂത്ത് / യുവാ ക്ലബ്ബുകൾക്കുള്ള അവാർഡിനായുള്ള അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ യുവജനകേന്ദ്രത്തിൽ മാത്രം സമർപ്പിക്കേണ്ടതാണ്.

3) യുവജനക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട ജീവനക്കാരോ കുടുംബാംഗങ്ങളോ അവാർഡിന് അപേക്ഷിക്കേണ്ടതില്ല.

4) അവാർഡ് ജേതാക്കൾ തുടർന്നുള്ള മൂന്ന് വർഷം അപേക്ഷിക്കേണ്ടതില്ല. അത്തരത്തിലുള്ള അപേക്ഷ ലഭിച്ചാൽ അവാർഡിന് പരിഗണിക്കുന്നതല്ല.

5) പൊതുവിഭാഗത്തിൽ ഉൾപ്പെടുന്ന അവാർഡുകൾക്ക് (കായികം ഒഴികെ) അവാർഡിനായി പുരുഷൻ, വനിത, ട്രാൻസ്ജെൻഡർ എന്നീ വിഭാഗങ്ങളിലുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

6) 2020 ജനുവരി 1 ന് 18 വയസ്സ് പൂർത്തിയായവരേയും 2020 ഡിസംബർ 31 40 വയസ്സ് കഴിയാത്തവരേയും ആയിരിക്കും വ്യക്തിഗത അവാർഡിന് പരിഗണിക്കുന്നത്.

7) വ്യക്തിഗത അവാർഡിനായുള്ള അപേക്ഷകർ വയസ്സ് തെളിയിക്കുന്ന രേഖകൾ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. മതിയായ രേഖകൾ സമർപ്പിക്കാത്ത അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

8) 2020 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിലെ സൃഷ്ടികളും പ്രവർത്തനങ്ങളുമായിരിക്കും വിലയിരുത്തുന്നത്.

9) നിശ്ചിത ഫോമിൽ അപേക്ഷ സമർപ്പിക്കുന്നതോടൊപ്പം 2020 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള പ്രവർത്തനങ്ങളുടെ മാത്രം സമഗ്ര റിപ്പോർട്ടുകൂടി സമർപ്പിക്കേണ്ടതാണ്.

10) അപേക്ഷാ ഫീസ് ഉണ്ടായിരിക്കുന്നതല്ല. ഓരോ മേഖലകൾക്കും വെവ്വേറെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ഭാഗം എ യിൽ പൊതുവിവരങ്ങളും ബി യിൽ പ്രവർത്തനങ്ങളെ കുറിച്ചുള്ള വിവരങ്ങളും പൂരിപ്പിക്കേണ്ടതാണ്. അപൂർണ്ണമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. ഓരോ മേഖലയ്ക്കും വെവ്വേറെ അവാർഡ് നിർണ്ണയ കമ്മിറ്റികൾ ഉണ്ടായിരിക്കും. അവാർഡ് നിർണ്ണയ കമ്മിറ്റികളുടെ തീരുമാനം അന്തിമമായിരിക്കും. പരാതികൾ / അപ്പീലുകൾ സ്വീകരിക്കുന്നതല്ല.

11) അപേക്ഷകളുടെ എണ്ണം കൂടുതലാണെങ്കിൽ സ്ക്രൂട്ടണി ചെയ്ത് ഷോർട്ട് ലിസ്റ്റാക്കി ജൂറിക്ക് മുമ്പാകെ സമർപ്പിക്കുന്നതാണ്.

12) 2021 നവംബർ 05 - ന് മുമ്പായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ഹെഡ് ഓഫീസിലോ ജില്ലാ യുവജന കേന്ദ്രങ്ങളിലോ ലഭിക്കത്തക്ക രീതിയിൽ അപേക്ഷകൾ സമർപ്പിക്കണം.

13) വ്യക്തികൾക്കും ക്ലബ്ബുകൾക്കും നേരിട്ടും മറ്റൊരാൾ നാമനിർദ്ദേശം ചെയ്യുന്നതു വഴിയും അവാർഡിന് അപേക്ഷിക്കാവുന്നതാണ്.

14) അപേക്ഷകർ തീവ്രവാദ പ്രസ്ഥാനങ്ങൾ, നിരോധിക്കപ്പെട്ട സംഘടനകൾ എന്നിവരുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരോ, പ്രവർത്തിച്ചിട്ടുള്ളവരോ ആയിരിക്കരുത്.

15) മതിയായ യോഗ്യതയുള്ള അപേക്ഷകരില്ലെങ്കിൽ അവാർഡ് നൽകേണ്ടതില്ലെന്ന് തീരുമാനിക്കാനും അർഹരായ വ്യക്തികളെ അവാർഡിനായി ശിപാർശ ചെയ്യാനും ജൂറിക്ക് അധികാരമുണ്ടായിരിക്കും.

16) പ്രത്യേക ജൂറി പുരസ്കാരത്തിന് ശിപാർശ ചെയ്യാൻ ജൂറിക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്. ഇതിന് ക്യാഷ് അവാർഡ് ഉണ്ടായിരിക്കുന്നതല്ല.

# വ്യക്തിഗത അവാർഡിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

## *സാമൂഹികപ്രവർത്തനം*

1) 2020 ജനുവരി 1 മുതൽ 2020ഡിസംബർ 31 വരെയുള്ള പ്രവർത്തനങ്ങൾ മാത്രമായിരുക്കും വിലയിരുത്തുന്നത്.
2) പ്രാദേശിക വികസനം, പിന്നോക്കക്ഷേമ പ്രവർത്തനങ്ങൾ, ആതുരസേവനം, വനിത -ശിശുക്ഷേമം, മനുഷ്യാവകാശ സംരക്ഷണം, മുതിർന്ന പൗരന്മാരുടെ ക്ഷേമം, മത സൗഹാർദ്ദം, ദേശീയ മുല്യങ്ങളുടെ പ്രചരണം, ദാരിദ്ര്യ നിർമാർജ്ജനം, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ എന്നീ പത്ത് മണ്ഡലങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയായിരിക്കും അവാർഡ് നൽകുന്നത്.
3) അവാർഡിന് അപേക്ഷിക്കുന്ന വ്യക്തികളെ കുറിച്ച് പ്രാദേശിക അന്വേഷണം നടത്തുന്ന തായിരിക്കും.
4) കളങ്കിത വ്യക്തിത്വങ്ങളോ, നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരോ ഏർപ്പെടുന്നവരോ ആയിട്ടുള്ള വ്യക്തികളെ അവാർഡിന് പരിഗണിക്കുന്നതല്ല.

## *മാധ്യമ പ്രവർത്തനം*

1) ദൃശ്യമാധ്യമം, അച്ചടി മധ്യമം എന്നീ വിഭാഗങ്ങളിലായിരിക്കും അവാർഡ് നൽകുക.
2) സാഹൂഹിക പ്രതിബദ്ധതയുള്ള വാർത്തകൾ അവാർഡിന് പരിഗണിക്കുന്നതാണ്.
3) കേരളത്തിൽ പ്രസിദ്ധീകരിക്കുന്ന മാധ്യമങ്ങളിലേയും കേരളത്തിനു പുറത്ത് പ്രസിദ്ധീകരിക്കുന്ന മലയാളം മാധ്യമങ്ങളിലേയും പ്രവർത്തകരെ അവാർഡിന് പരിഗണിക്കുന്നതാണ്.
4) ഫോട്ടോഗ്രാഫർ, ന്യൂസ് ക്യാമറാമാൻ എന്നിവരേയും അവാർഡിന് പരിഗണിക്കുന്നതാണ്.
5) ഫോട്ടോ ജേർണലിസ്റ്റ്, സ്വതന്ത്ര ജേർണലിസ്റ്റ് എന്നിവരെയും പരിഗണിക്കും.
6) 2020 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള പ്രവർത്തനങ്ങൾ മാത്രമായി രിക്കും വിലയിരുത്തുന്നത്.

## *കല*

1) 2020 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള പ്രവർത്തനങ്ങൾ മാത്രമായി രിക്കും വിലയിരുത്തുന്നത്.
2) കലാരംഗത്ത് കൈവരിച്ച നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യണം
3) പെർഫോമിംഗ് ആർട്സ് മേഖലയിലുള്ളവർ അപേക്ഷയോടൊപ്പം വീഡിയോ കൂടി സമർപ്പിക്കേണ്ടതാണ്.
4) കലാ മേഖലയിൽ നൽകുന്ന അവാർഡിന് സിനിമാ മേഖലയിലെ പ്രവർത്തനങ്ങൾ പരിഗണിക്കുന്നതല്ല.

## *സാഹിത്യം*

1) 2020 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിൽ പ്രസിദ്ധീകരിച്ച മലയാളത്തിലുള്ള സൃഷ്ടികളാണ് പുരസ്കാരത്തിനായി പരിഗണിക്കുന്നത്.

2) പഠനസംബന്ധമായി തയ്യാറാക്കിയ പ്രബന്ധങ്ങൾ പരിഗണിക്കുന്നതല്ല.

3) പുരസ്കാരത്തിന് സമർപ്പിക്കുന്ന കൃതികളുടെ 3 പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

## *ഫൈൻ ആർട്സ്*

1) 2020 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള പ്രവർത്തനങ്ങൾ മാത്രമായിരിക്കും വിലയിരുത്തുന്നത്.

2) ഈ മേഖലയിൽ കൈവരിച്ച നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യണം.

## *കായികം*

1) പുരുഷ-വനിതാ വിഭാഗങ്ങളിലായി ഓരോ കായികതാരങ്ങൾക്ക് വീതം അവാർഡ് നൽകും

2) 2020 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിലെ നേട്ടങ്ങളായിരിക്കും പ്രധാനമായും വിലയിരുത്തുന്നത്.

3) ദേശീയ അന്തർദേശീയ ഇനങ്ങളിൽ കഴിവു തെളിയിച്ചവരും സമ്മാനാർഹരുമായവരെ അവാർഡിന് പരിഗണിക്കും.

4) അപേക്ഷകർ നിലവിൽ സജീവമായി കായികരംഗത്തുള്ളരായിരിക്കണം

5) അപേക്ഷകർ  കായിക രംഗത്തെ തങ്ങളുടെ നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

## *ശാസ്ത്രം*

1) 2020 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിലെ നേട്ടങ്ങളായിരിക്കും പ്രധാനമായും വിലയിരുത്തുന്നത്.

2) ഈ മേഖലയിൽ കൈവരിച്ച നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യണം.

## *സംരംഭകത്വം*

1) 2020 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിലെ നേട്ടങ്ങളായിരിക്കും പ്രധാനമായും വിലയിരുത്തുന്നത്.

2) അപേക്ഷിക്കുന്ന വ്യക്തി നിലവിൽ പ്രവർത്തനക്ഷമമായ സംരംഭത്തിന്റെ സ്ഥാപകൻ ആയിരിക്കണം .

3) ഈ മേഖലയിൽ കൈവരിച്ച പ്രധാന നേട്ടങ്ങൾ വിലയിരുത്തും

4) സംരംഭത്തിന്റെ വിജയകരമായ പ്രവർത്തനം, അതിലൂടെ തൊഴിൽ സൃഷ്ടിക്കൽ തുടങ്ങിയവയും പരിഗണിക്കും.

## കൃഷി

1) 2020 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങളായിരിക്കും പ്രധാനമായും വിലയിരുത്തുന്നത്.

2) ഈ മേഖലയിൽ കൈവരിച്ച നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യണം.

## യൂത്ത് ക്ലബ്ബുകൾക്ക് അവാർഡിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1) 2020 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങൾ മാത്രമായിരിക്കും വിലയിരുത്തുന്നത്.

2) പ്രാദേശിക വികസനം, പിന്നോക്കക്ഷേമ പ്രവർത്തനങ്ങൾ, മുതിർന്ന പൗരൻമാരുടെ ക്ഷേമ പ്രവർത്തനങ്ങൾ, ആതുരസേവനം, വനിത-ശിശുക്ഷേമം, മനുഷ്യാവകാശ സംരക്ഷണം, ദുരന്ത നിവാരണ പ്രവർത്തനം, മതസൗഹാർദ്ദം, ദേശീയ മൂല്യങ്ങളുടെ പ്രചരണം, യുവജനക്ഷേമ പ്രവർത്തനങ്ങൾ, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ എന്നീ മണ്ഡലങ്ങളിലെ പ്രവർത്തനം വിലയിരുത്തും.

3) വിവിധ മേഖലകളിൽ കൈവരിച്ച നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യണം

## യുവാ ക്ലബ്ബുകൾക്കുള്ള അവാർഡിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1) 2020 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങൾ മാത്രമായിരിക്കും വിലയിരുത്തുന്നത്.

2) സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളുടെ ഉന്നമനത്തിനായി വഹിച്ച പങ്ക്, കലാ-സാംസ്ക്കാരിക രംഗത്തെ ഇടപെടലുകൾ, പ്രാദേശിക വികസനം, പിന്നോക്കക്ഷേമ പ്രവർത്തനങ്ങൾ, മുതിർന്ന പൗരൻമാരുടെ ക്ഷേമ പ്രവർത്തനങ്ങൾ, ആതുരസേവനം, വനിത-ശിശുക്ഷേമം, മനുഷ്യാവകാശ സംരക്ഷണം, ദുരന്ത നിവാരണ പ്രവർത്തനം, മതസൗഹാർദ്ദം, ദേശീയ മൂല്യങ്ങളുടെ പ്രചരണം, യുവജനക്ഷേമ പ്രവർത്തനങ്ങൾ, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ എന്നീ മണ്ഡലങ്ങളിൽ നടത്തിയ ഇടപെടലുകൾ എന്നിവ വിലയിരുത്തും.

***മെമ്പർ സെക്രട്ടറി***

*******